# Athmaraksha.org

മറ്റു ലേഖനങ്ങൾ

## നിലയ്ക്കാത്ത സുക്കോളച്ചൻ



7777 വീടുകൾ കേരളത്തിലെ പാവങ്ങൾക്ക് നിർമ്മിച്ചു നൽകിയ സുക്കോളയച്ചനെ മലബാർ ഓർക്കുന്നു. ജപ്പാനിലോ, ആഫ്രിക്കയിലോ പോയി മിഷനറി പ്രവർത്തനം നടത്തുവാൻ ആഗ്രഹിച്ച ഒരാൾ ഇറ്റലിയിൽ ഉണ്ടായിരുന്നു. പക്ഷെ ദൈവം അദ്ദേഹത്തെ കൊണ്ടുവന്നെത്തിച്ചത് കേരളത്തിലെ കോഴിക്കോട്ടാണ്. ലീനസ് മരിയ സുക്കോൾ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ഇറ്റലിയിൽ ജനിച്ച ലീനസ് മരിയ സുക്കോൾ എന്ന സുക്കോളച്ചൻ മലബാറിലെ പാവങ്ങളുടെയും അശരണരുടെയും ആലംബമായി മാറിയത് പിന്നീടുള്ള ചരിത്രം.

### ജീവിതം

സുക്കോളച്ചനെ കാണുവാൻ എത്തുന്നവരെ സ്വാഗതം ചെയ്യുക 'അച്ചനെ കാണുന്നതിനു മുമ്പ് ദേവാലയത്തിൽ പ്രാത്ഥിക്കുക' എന്ന ലിഖിതമാണ്. നിങ്ങളുടെ ആവശ്യങ്ങൾക്കു മറുപടി നല്കുന്നവർ അവിടെയാണ്. എന്ന് ജനങ്ങളെ ഓർമ്മപ്പെടുത്തുന്ന ആ വാചകം. ദേവാലയത്തിൽ എത്തുന്നവർ ദൈവത്തെ കാണുന്നു, തനിക്കരുകിൽ എത്തുന്ന അശരണരിൽ താൻ ദൈവത്തെ കാണുന്നു എന്ന് തന്റെ ജീവിതം കൊണ്ട് അച്ചൻ പഠിപ്പിച്ചു. 'നിങ്ങൾ എന്റെ ഈ സഹോദരിലൊരുവനോട് ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തത്' എന്ന ബൈബിൾ വചനത്തെ ഏറെ ഇഷ്ടപ്പെട്ട സുക്കോളച്ചൻ കഷ്ടപ്പെടുന്ന അപരനിൽ ദൈവത്തെ കണ്ടു. അതുകൊണ്ടു തന്നെയാവാം തന്റെ മുറിയിലേക്കുള്ള വാതലിനോട് ചേർന്ന ഭിത്തിയിൽ തന്റെ പേരെഴുതിയ ഫലകത്തിനു തൊട്ടു മുകളിലായി ഈ വാക്കുകൾ രേഖപ്പെടുത്തി വച്ചത്.

### ദരിദ്രൻ

ആലംബഹീനർക്കു വേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ചോർന്നൊലിക്കാതിരിക്കാൻ പ്ലാസ്റ്റിക് വിരിച്ച ഓടുമേഞ്ഞ കെട്ടിടത്തിൽ രണ്ട് ബെഞ്ചുകൾ ചേർത്തു വച്ച് അതിനു മുകളിൽ ഒരു പായ വിരിച്ചാണ് സുക്കോളച്ചൻ കിടന്നുറങ്ങിയിരുന്നത്. രണ്ടു പ്രാവശ്യം തുന്നിക്കൂട്ടിയ ചെരിപ്പ് പൊട്ടിയപ്പോൾ മൂന്നാമതും തുന്നുന്നതിനായി അച്ചൻ കൈക്കാരൻ ജോസിനെ ഏൽപ്പിച്ചു. ഈ ചെരുപ്പ് ഇനിയും തുന്നാൻ ചെന്നാൽ ചെരുപ്പുകുത്തി തന്നെ കളിയാക്കും. അതുകൊണ്ട് അച്ചന് ഞാൻ പുതിയതൊന്നു വാങ്ങിതരാം. എന്നു പറഞ്ഞപ്പോൾ, "എനിക്കു ദാരിദ്ര്യവ്രതമാണെന്നു നിനക്കറിയില്ലേ, നീ വാങ്ങിതന്നാലും ഞാനത് ഉപയോഗിക്കില്ല" എന്ന് അച്ചൻ കർശനമായി പറഞ്ഞു. മറ്റുള്ളവർക്ക് ഫാനും മറ്റു സൗകര്യങ്ങളും

ലഭ്യമാക്കിയ അച്ചൻ ഒരിക്കലും ഫാനിന്റെ കുളിർക്കാറ്റ് അറിഞ്ഞിട്ടില്ല.

അച്ചനുവേണ്ടി പാകം ചെയ്യുന്ന ഭക്ഷണം പ്രത്യേക പാത്രങ്ങളിൽ ആക്കി മേശപ്പുറത്ത് വയ്ക്കുമായിരുന്നു. ഊൺ മേശയിൽ പാത്രങ്ങൾ നിറഞ്ഞപ്പോൾ അച്ചൻ അതു വിലക്കി. മറ്റുള്ളവരോടൊപ്പം മതി തനിക്കും, പുറമേനിന്നും ആരെങ്കിലും വന്നു കണ്ടാൽ ഇവിടെ വിഭവ സമൃദ്ധമായ സദ്യയാണെന്നു കരുതും എന്നു പറഞ്ഞു. പപ്പായയും തേനും ചെറുപഴവും തൈരും ആയിരുന്നു അച്ചന്റെ ഭക്ഷണത്തിലെ പ്രധാന വിഭവങ്ങൾ. എന്നും അച്ചന് ഭക്ഷണം പാകം ചെയ്തു കൊടുത്തിരുന്ന മേരിചേച്ചി ഓർക്കുന്നു. അതുപോലെ സമയക്രമം പാലിക്കാതെ വലിച്ചു വാരിയുള്ള കേരളീയരുടെ ഭക്ഷണരീതിയും അച്ചൻ ഇഷ്ടപ്പെട്ടിരുന്നില്ല. സുക്കോളച്ചൻ ഉപയോഗിച്ചിരുന്ന കുടയുടെ കാൽ പട്ടി കടിച്ചു മുറിച്ചിട്ടും കുടയൊന്നു മാറി വാങ്ങാൻ അച്ചൻ തയ്യാറായില്ല. പുതിയൊരു കുട കൈക്കാരൻ ജോസ് വാങ്ങി നൽകിയെങ്കിലും അദ്ദേഹമത് തിരസ്ക്കരിച്ചു. ഒടുവിൽ കടുത്ത നിർബന്ധത്തിനു വഴങ്ങി ആ കുടയുടെ കാൽ മാറ്റാൻ അദ്ദേഹം തയ്യാറായി. അത്രത്തോളം നിലപാടുകളിൽ കാർക്കശ്യവും ബന്ധങ്ങളിൽ ഊഷ്മളതയും പുലർത്തിയ വ്യക്തിയായിരുന്നു സുക്കോളച്ചൻ.

## അശരണരുടെ ആലംബം

ഒരിക്കൽ സുക്കോളച്ചനെ കണ്ട് സഹായം അഭ്യർത്ഥിക്കുന്നതിനായി ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന ഒരു രോഗി എത്തി. തന്റെ കഷ്ടതകൾ അയാൾ വിവരിച്ചു. അച്ചൻ അയാൾക്ക് ഒരു ചെക്കു നൽകി, പക്ഷെ, ചെക്കിലെ തുക കുറഞ്ഞ്പോയി എന്നു കണ്ട അയാൾ അത് അച്ചന്റെ മുഖത്തെറിഞ്ഞ് ക്ഷുഭിതനായി മടങ്ങി. ഇനി അയാൾക്ക് പണമോ സഹായമോ നൽകേണ്ടതില്ലെന്ന് അച്ചനോട് എല്ലാവരും പറഞ്ഞു. എന്നാൽ തുക കൂട്ടിയെഴുതിയ മറ്റൊരു ചെക്ക് അച്ചനെ പതിവായി സന്ദർശിച്ചിരുന്ന ഒരാൾ വശം ആരും അറിയാതെ അച്ചൻ കൊടുത്തയച്ചു. അശരണരുടെ കണ്ണീർ സുക്കോളച്ചന്റെ വലിയൊരു ബലഹീനത ആയിരുന്നു. കലങ്ങിയ കണ്ണുകളോടെ തന്റെ മുമ്പിൽ യാചനകളുമായി എത്തുന്നവരെ അച്ചൻ ഒരിക്കലും കൈവിട്ടിരുന്നില്ല. നൽകുവാൻ തന്റെ കയ്യിൽ പണം ഇല്ലെങ്കിൽ ഊൺ മേശയിലെ പഴവർഗ്ഗങ്ങൾ എങ്കിലും നൽകിയേ അച്ചൻ ആരെയും തിരിച്ചയച്ചിരുന്നുള്ളു.

7777 വീടുകൾ അച്ചൻ നിർമ്മിച്ചു നൽകി. കിണറുകൾ, തൊഴിലവസരങ്ങൾ അങ്ങനെ ഒരു വ്യക്തിയുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ വേണ്ടതെല്ലാം അച്ചൻ നൽകി. അച്ചൻ പണിതു നൽകിയ വീടുകളെല്ലാം ഒരേ രീതിയിൽ ഒരേ സൗകര്യങ്ങളിൽ ഉള്ളവ ആയിരുന്നു. വീടിന് ആവശ്യമായ മര ഉരുപ്പിടികൾ തന്റെ പണിശായിൽ നിന്നും അച്ചൻ പണിതു നൽകി. നിത്യസഹായ മാതാ ദേവാലയത്തിനോട് ചേർന്ന് ആ പണിശാല ഇപ്പോഴും പ്രവർത്തിക്കുന്നു. ആ ചുവരുകൾക്കുള്ളിൽ നിന്നും തൊഴിൽ പഠിച്ച് ജീവിതമാർഗ്ഗം കണ്ടെത്തിയവർ അനേകരാണ്. ഒന്നിനും അച്ചൻ കണക്കുകൾ സൂക്ഷിച്ചിരുന്നില്ല. തന്റെ സഹായം പറ്റുന്നവർ അർഹരോ അനർഹരോ എന്നദ്ദേഹം ചൂഴ്ന്ന് നോക്കിയില്ല. കണക്കുകൾ നോക്കുന്ന സർവ്വശക്തനിൽ എല്ലാം സമർപ്പിച്ചു.

## മതേതര കാഴ്ചപ്പാട്

മതേതര കാഴ്ചപ്പാടുള്ള മത പ്രചാരകൻ എന്ന വിശേഷണം സുക്കോളച്ചന് ഏറെ യോജിച്ചതാണെന്ന് പറഞ്ഞത് ഏഴാം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് കെ. മനോഹരൻ ആണ്. "മറ്റു മതസ്ഥരുടെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുകയും തന്റെ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു ഒരു വ്യക്തി വിശേഷമായിരുന്നു അച്ചൻ." ഒരു സംഭവം അദ്ദേഹം ഓർക്കുന്നു. "കമ്യൂണിസ്റ്റ് നേതാവും ഏഴാം മുൻ പഞ്ചായത്ത് പ്രസിഡന്റുമായ കക്കാമണി കുഞ്ഞിക്കണ്ണൻ എന്ന വ്യക്തിയുടെ മരണാനന്തര ചടങ്ങുകളിൽ സംബന്ധിച്ച സുക്കോളച്ചൻ കുടുംബാഗങ്ങളുടെ അനുവാദത്തോടെ അവിടെ ബൈബിൾ വായിക്കുകയും പരേതാത്മാവിന്റെ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു."

## സുക്കോളച്ചൻ എന്ന അനുഭവം

ഒരു പുരോഹിതൻ എന്ന നിലയിൽ തന്നെ സ്വാധീനിച്ചത് സുക്കോളച്ചന്റെ പ്രാർത്ഥനാ ജീവിതമാണെന്ന് മരിയാപുരം നിത്യസഹായ മാതാ ദേവാലയത്തിലെ ഇപ്പോഴത്തെ വികാരിയും സുക്കോളച്ചനോടൊപ്പം ഒമ്പതുവർഷം പ്രവർത്തിക്കുകയും ഫാദർ ഒ.പി മാത്യു എസ്.ജെ പറയുന്നു. "രാവിലെ ഉണർന്നാൽ സുക്കോളച്ചൻ നേരെ പള്ളിയിലേക്ക് പോകും. അവിടെ അൾത്താരയ്ക്കരുകിൽ മരക്കസേരയിൽ ഇരുന്ന്

പ്രാർത്ഥിക്കും. മുടക്കം വരാത്ത പ്രാർത്ഥനയായിരുന്നു അച്ചന്റെ ബലം." അദ്ദേഹം പറഞ്ഞു.

സുക്കോളച്ചന്റെ സന്തത സഹചാരിയായി നിഴലായി 15 വർഷം തുടർന്ന കൈക്കാരൻ ജോസ് തങ്കപ്പന് പറയാൻ നിരവധി അനുഭവങ്ങൾ ഉണ്ട്. 1985 ലാണ് ജോസ് കെഎസ്ആർടിസിയിൽ കണ്ടക്ടറായി ജോലിയിൽ പ്രവേശിക്കുന്നത്. 1995-ൽ ചില സാങ്കേതിക കാരണങ്ങളാൽ ജോലി നഷ്ടമായി. "ആ ക്രിസ്തുമസ്സിന് സുക്കോളച്ചൻ ഒരാളുടെ കയ്യിൽ ഒരു കത്തും 600 രൂപയും, കൊടുത്തയച്ചു. ഞാനും ഭാര്യയും രണ്ട് കുട്ടികളും അടങ്ങുന്ന കുടുംബത്തിൽ യഥാർത്ഥത്തിൽ പട്ടിണിയായിരുന്നു. എന്റെ പിതാവ് അന്ന് ജീവിച്ചിരുന്നു. പക്ഷെ അദ്ദേഹം അത് അറിഞ്ഞില്ല. ക്രിസ്തുമസ്സാണ്, ഞാൻ പട്ടിണിയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് തന്നെ സഹായിച്ചത് സുക്കോളച്ചനാണ്." ഇടറിയ വാക്കുകളോടും നിറഞ്ഞ മിഴികളോടും കൂടി താൻ ഒരിക്കലും മറക്കാത്ത ആ അനുഭവം ജോസ് പറഞ്ഞു നിർത്തി.

1997 മുതൽ സുക്കോളച്ചന്റെ ഫോട്ടോഗ്രാഫറാണ് ദാമോദരൻ. സുക്കോളച്ചനെ ഓർമ്മിക്കുവാൻ താൻ എടുത്ത അച്ചന്റെ ചിത്രങ്ങൾ മാത്രം അല്ല ദാമോദരന്റെ കൈവശം ഉള്ളത്. അച്ചൻ സ്വന്തം കൈപ്പടയിൽ മലയാളത്തിൽ എഴുതിയയച്ച ഒരു കത്തും അദ്ദേഹം അമൂല്യമായി സൂക്ഷിക്കുന്നു. അതിന്റെ കഥ ഇങ്ങനെയാണ്.
2003 ൽ സുക്കോളച്ചൻ ജർമനിയിൽ പോയ സമയം. അച്ചൻ പോകുന്നതിനു മുമ്പെടുത്ത ചില ചിത്രങ്ങൾ അച്ചനു നൽകുവാൻ കഴിഞ്ഞില്ല. അത് അയച്ചു കൊടുക്കുവൻ അച്ചനോട് അവിടുത്തെ അഡ്രസും വാങ്ങി. ഫോട്ടോകൾ തയ്യാറായ ഉടൻതന്നെ ദാമോദരൻ അവ അച്ചന് അയച്ചുകൊടുത്തു. അത് കിട്ടിയ ഉടൻ അച്ചൻ മറുപടിയും അയച്ചു. ക്ഷേമാന്വേഷണങ്ങളും അച്ചന്റെ ചെറു തമാശകളും നിറഞ്ഞ ആ കത്ത് ഒരു വിലപ്പെട്ട നിധിയായി ദാമോദരൻ തന്റെ കൈവശം സൂക്ഷിക്കുന്നു.

### സുക്കോളച്ചൻ എന്ന അത്ഭുതം

സുക്കോളച്ചൻ പട്ടുവം പള്ളി വികാരി ആയിരിക്കുന്ന സമയം. വൈകുന്നേരമായാൽ അവിടെ തവളകളുടെ നിർത്താതെയുള്ള കരച്ചിൽ കേൾക്കാം. പ്രാർത്ഥനയ്ക്കുപോലും അലോസരം സൃഷ്ടിക്കുന്ന തവളകളുടെ കരച്ചിൽ അച്ചന് അസഹനീയമായി. ഒടുവിൽ, നാളെ മുതൽ കരയേണ്ടാട്ടോയെന്ന് അച്ചൻ തവളകളോടു പറഞ്ഞു. പിന്നീട് അവിടെ തവളകൾ കരഞ്ഞിട്ടില്ല.

### അന്ത്യദിനങ്ങൾ

എപ്പോഴും ചിരിക്കുന്ന മുഖത്തോടെ പ്രത്യക്ഷപ്പെടുന്ന സുക്കോളച്ചൻ ഒരു തരത്തിലും മറ്റുള്ളവർക്ക് സങ്കടം ഉണ്ടാക്കരുതെന്ന് ആഗ്രഹിച്ചു. ശ്വാസകോശത്തിൽ ക്യാൻസർ അതിന്റെ സംഹാരതാണ്ഡവമാടിയപ്പോഴും വേദനയുടെ ഒരു ചെറു കണികപോലും അച്ചൻ പുറത്തു കാണിച്ചില്ല. ഒടുവിൽ ആസന്നമായ മരണത്തിനു ഡോക്ടർ കുറിച്ച സമയത്തിനു മുമ്പേ അദ്ദേഹം യാത്രയായി. സുക്കോളച്ചൻ പണി കഴിപ്പിച്ച മരിയാപുരം നിത്യസഹായ മാതാ ദേവാലയത്തിനുള്ളിൽ അദ്ദേഹത്തെ ഭൗതിക ശരീരം അടക്കം ചെയ്തു. ആ കല്ലറയ്ക്കു മുകളിൽ അന്വർത്ഥമായ ഈ വാചകങ്ങൾ നമുക്കു കാണാം.

ദൈവത്തിൽ നിന്ന്
ദൈവത്തോടൊപ്പം
ദൈവത്തിങ്കലേക്ക്...

സുക്കോളച്ചനെക്കുറിച്ചുള്ള അനുഭവങ്ങൾ അവസാനിക്കുന്നില്ല. അത് നാഴികമണിയുടെ ചലനം പോലെ അനസ്യൂതം തുടരുകയാണ്. സുക്കോളച്ചൻ മനുഷ്യസ്നേഹിയോടുള്ള ജനങ്ങളുടെ സ്നേഹമാണ് ആ ഘടികാരത്തിന്റെ ഊർജ്ജം. അത് നിലയ്ക്കുന്നില്ല.